09-01-2022

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 09/01/2022

1. കേരളത്തിൽ നാളികേരത്തിന് വിലയിടിവ് ഉണ്ടായ സാഹചര്യത്തിൽ കിലോയ്ക്ക് **32 രൂപ** നിരക്കിൽ കേരഫെഡ് വഴി ജനുവരി 5 മുതൽ കർഷകരിൽ നിന്ന് പച്ചത്തേങ്ങ സംഭരിക്കുവാൻ തുടങ്ങി. തിരുവനന്തപുരം, കൊല്ലം, തൃശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിലുള്ള സംഭരണകേന്ദ്രങ്ങളിലാണ് കേരഫെഡ് തുടക്കത്തിൽ സംഭരണം ആരംഭിക്കുക. കൃഷിഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചെറുകിട കർഷകരിൽ നിന്നും തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലായിരിക്കും സംഭരണം നടത്തുക. രാവിലെ 10 മുതൽ വൈകുന്നേരം 4 മണിവരെയാണ് കേരഫെഡ് കേന്ദ്രങ്ങളിൽ പച്ചത്തേങ്ങ സംഭരിക്കുക. സംഭരിക്കുമ്പോൾ തന്നെ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക അനുവദിക്കുന്ന രീതിയിലാണ് ക്രമീകരണം.

2. നെല്ലിനെ ആക്രമിക്കുന്ന **തണ്ടുതുരപ്പൻ, ഓലചുരുട്ടി** എന്നീ കീടങ്ങളുടെ ജൈവീക നിയന്ത്രണത്തിന് ഉപയോഗിക്കുന്ന **ട്രൈക്കോഗ്രാമ മുട്ടക്കാർഡുകൾ** ആലപ്പുഴ പാരസൈറ്റ് ബ്രിഡിംഗ് സ്റ്റേഷൻ മുഖേന ലഭ്യമാക്കുന്നതാണ്. ആവശ്യമുള്ള കർഷകർ **8089638349** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. തിരുവനന്തപുരം ആനയറ വേൾഡ്മാർക്കറ്റ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കൃഷിവകുപ്പ് വിൽപ്പനകേന്ദ്രത്തിൽ **നല്ലയിനം കുറ്റ്യാടി തെങ്ങിൻ തൈകൾ, പഴവർഗ്ഗചെടികൾ, ഓർണമെന്റൽ ചെടികൾ, ഗ്രോബാഗ്, ജൈവവളങ്ങൾ, പച്ചക്കറി വിത്തുകൾ, ജൈവകീടനാശിനികൾ** തുടങ്ങിയ ഉത്പന്നങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന നമ്പരിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 56 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള **ബി.വി 380, ഗ്രാമശ്രീ** എന്നീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ 160 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. താൽപര്യമുള്ളവർ **9400483754** എന്ന നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

5. കേരള കാർഷിക സർവകലാശാലയുടെ വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ നാടൻ തെങ്ങ്, കമുക്, അവോക്കാഡോ, ആത്തച്ചക്ക, കൊക്കോ, പേര, മാവ്, ചാമ്പ, പനീർചാമ്പ, പാഷൻ

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫ്രൂട്ട്, റംബൂട്ടാൻ, സപ്പോട്ട, ചെറി, മംഗോസ്റ്റീൻ, ചെറുനാരകം, മാതളം, കുരുമുളക് (പന്നിയൂർ1), സർവ്വസുഗന്ധി, ജാതി, ആര്യ വേപ്പ്, കറിവേപ്പ്, കുടമ്പുളി, ഗ്രാമ്പു എന്നിവയുടെ തൈകളും, പച്ചക്കറി വിത്തുകൾ, ചിപ്പിക്കൂൺ, പാൽക്കൂൺ വിത്തുകൾ, ജൈവവളങ്ങൾ, ജൈവനിയന്ത്രണ ഉപാധികളായ ട്രൈക്കോഡെർമ, സ്യൂഡോമോണസ്, ബ്യുവേറിയ, ലേക്കനിസിലിയം, ട്രൈക്കോ കേക്ക് മുതലായവയും വിവിധ മൂല്യ വർദ്ധിത ഉത്പന്നങ്ങളും വില്പനയ്ക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് **0495 2935850** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലെ ജൈകീടരോഗ നിയന്ത്രണ വിഭാഗത്തിലും മണ്ണുത്തി യൂണിവേഴ്സിറ്റി വിൽപ്പന കേന്ദ്രത്തിലും കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിലും പച്ചക്കറി വിളകളിലെ മീലിമുട്ടകൾ, ശൽക്കകീടങ്ങൾ എന്നിവയെ നിയന്ത്രിക്കാനുള്ള **വെർട്ടിസീലിയം**, ഇലതീനി പുഴുക്കൾക്കെതിരെയുള്ള **ബ്യൂവേറിയ ബാസിയാന**, ചിതൽ, വേരുതീനി പുഴുക്കൾ എന്നിവയ്ക്കെതിരെയുള്ള **മെറ്റാറൈസിയം** എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487 – 2370540** (മണ്ണുത്തി യൂണിവേഴ്സിറ്റി വിൽപ്പന കേന്ദ്രം), **0487-2699087** (കണ്ണാറ വാഴ ഗവേഷണ കേന്ദ്രം) എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **ഇറച്ചി, മുട്ടക്കോഴികളുടെ ശാസ്ത്രീയ പരിപാലനം** എന്ന വിഷയത്തിൽ ഈ മാസം 11 മുതൽ 13 വരെ (ജനുവരി 11 മുതൽ 13) മൂന്ന് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **0479-2449268, 2959268, 9447790268** എന്ന നമ്പരുകളിൽ വിളിച്ച് ഈ മാസം 10-നു (ജനുവരി 10) മുമ്പേ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട 40 പേർക്കാണ് പരിശീലനം നൽകുന്നത്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഈ മാസം 10-ന് (ജനുവരി 10-ന്) രാവിലെ 10.30 മുതൽ **തേനീച്ചവളർത്തലിൽ** ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

**7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

9. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 12-ന് (ജനുവരി 12) **ആട് വളർത്തലിലും** 17-ന് (ജനുവരി 17) **മുട്ടക്കോഴി വളർത്തലിലും** പരിശീലനം നടത്തുന്നു. താൽപ്പര്യമുളളവർ **0484-2631355** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522708** എന്ന വാട്ട്സാപ്പ് നമ്പരിൽ പേരും പരിശീലന വിഷയവും വാട്ട്സാപ്പ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

10. പുഞ്ചക്കൃഷി ഇറക്കിയ പാടങ്ങളിലെല്ലാം വളരെ ഉയർന്ന അമ്ലത കാണപ്പെടുന്നു. ഈ സാഹചര്യത്തിൽ നിലം ഉണങ്ങുന്നത് ഒട്ടും അഭികാമ്യമല്ല. ഇപ്പോൾ കളനാശിനി അടിയ്ക്കുന്നതു വരെ കർഷകർ നിലം നന്നായി ഉണക്കുന്നുണ്ട്. ഇപ്രകാരം ഉണങ്ങുമ്പോൾ ഉയർന്ന അമ്ലതയിൽ നെൽച്ചെടിക്ക് ഹാനികരമായ അമ്ലജന്യ പദാർത്ഥങ്ങൾ മണ്ണിൽ ഉണ്ടാവുകയും, തുടർന്ന് കളനാശിനി അടിച്ച് വെള്ളം കയറ്റുമ്പോൾ വെള്ളത്തിൽ ലയിച്ചു ചേരുന്ന അമ്ലജന്യ പദാർത്ഥങ്ങൾ ചെടി ആഗിരണം ചെയ്യുകയും, ഇത് ചെടിയുടെ വളർച്ചയെ ബാധിക്കുകയും ചെയ്യുന്നു. അതുകൊണ്ട് വിതച്ച് കളനാശിനി അടിയ്ക്കുന്നതുവരെയുള്ള സമയത്ത് നിലം കൂടുതലായി ഉണങ്ങാതെ നോക്കണം. അമ്ലത നിയന്ത്രിക്കാതെ വളപ്രയോഗം നടത്തിയാലും ശരിയായ പ്രയോജനം ലഭിക്കുകയില്ല. അതിനാൽ അമ്ലത നിയന്ത്രിച്ചതിനുശേഷം മാത്രം വളപ്രയോഗം നടത്താൻ ശ്രദ്ധിക്കണം. ഉയർന്ന അമ്ലത മൂലം നെൽച്ചെടി വളർച്ച മുരടിച്ചു കാണപ്പെടുന്നത് ഇലപ്പേൻ ആക്രമണമായി തെറ്റിദ്ധരിച്ച് കർഷകർ രാസകീടനാശിനികൾ കൂടുതലായി പ്രയോഗിക്കുന്നു. ഇപ്പോൾ കീടനാശിനികൾ പ്രയോഗിക്കുന്നത് മിത്രപ്രാണികളുടെ നാശത്തിനും ഇടയാക്കുകയും, പിന്നീട് തുടർച്ചയായി കീടനാശിനിപ്രയോഗം നടത്തേണ്ട സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. അതിനാൽ സാങ്കേതിക നിർദ്ദേശം സ്വീകരിച്ചതിനുശേഷം മാത്രമേ രാസകീടനാശിനികൾ പ്രയോഗിക്കാവു എന്ന് കെ.സി.പി.എം, ആലപ്പുഴ പ്രോജക്ട് ഡയറക്ടർ അറിയിക്കുന്നു.